"ഭരണഭാഷ - മാതൃഭാഷ"


തദ്ദേശ സ്വയം ഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം.
സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030
ഫോൺ: 0484 - 2422219, ഇ-മെയിൽ : jdlsgdekm@gmail.com


---

**തദ്ദേശ സ്വയംഭരണ വകുപ്പ് ഉപജില്ലാതല അദാലത്ത് സമിതി (എറണാകുളം-1) യുടെ 28.05.2024 തീയതിയിലെ 2-ാം നമ്പർ തീരുമാനം.**

ശ്രീ ജെയിംസ് ജോസഫ് , പുതിയേടത്തിന്റെ 15.04.2024 ലെ പരാതി, സ്ഥിരം അദാലത്ത് സമിതി പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നു. 11.09.2015 ൽ തന്റെ മകൻ നൽകിയ കെട്ടിട നിർമ്മാണാനുമതി അപേക്ഷയിൻ മേൽ നിലവിൽ യാതൊരു തടസ്സവുമില്ലെങ്കിലും, അനുമതി ലഭിച്ചിട്ടില്ലെയെന്നതാണ് പരാതിയിൽ ഉന്നയിക്കുന്നത്.

തൃക്കാക്കര നഗരസഭയിൽ കാക്കനാട് വില്ലേജിൽ റീസർവ്വേ 592/7 ൽ ഉൾപ്പെട്ട 3.35 ആർ സ്ഥലത്ത് 326.65 $m^2$ വിസ്തീർണ്ണമുള്ള വാസഗൃഹം നിർമ്മിക്കുന്നതിനാണ് 11.09.2015 ൽ അപേക്ഷ നൽകിയത്. വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയല്ലെങ്കിലും റവന്യൂ രേഖകൾ പ്രകാരം നിലം എന്ന ഗണത്തിലുൾപ്പെടുന്നതിനാൽ ടി സ്ഥിരം പരിവർത്തനം നടത്തിയ 05.12.2023 ലെ ഫോർട്ട് കൊച്ചി സബ് കളക്ടറുടെ ഉത്തരവും 2024-2025 ലെ സ്വഭാവ വ്യതിയാനം നടത്തിയ സ്ഥലത്തിന്റെ കരം അടച്ച രസീതും 15.04.2024 ൽ നഗരസഭയിൽ സമർപ്പിച്ചിട്ടുള്ളതാണ്. 3000 ചതുരശ്ര അടിയിൽ അധികരിച്ച് നിർമ്മിക്കുന്ന ഓരോ ചതുരശ്ര അടിക്കും 100 രൂപ കണക്കൽ, ആകെ 51,480/- രൂപ ട്രഷറിയിൽ ഒടുക്കണമെന്ന സബ് കളക്ടറുടെ ഉത്തരവിലെ വ്യവസ്ഥ പ്രകാരമുള്ള തുക ഒടുക്കിയ ചെല്ലാൻ , സ്വഭാവിക വ്യതിയാനം നടത്തിയ സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് , ടി സ്ഥലത്തു കൂടെ കെ. എസ്.ഇ.ബി യുടെ ഇലക്ട്രിക്കൽ ലൈൻ കടന്നുപോകുന്നതിനാൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുമുള്ള എൻ.ഒ.സി എന്നിവ ഹാജരാക്കുന്നതിന് കക്ഷിക്ക് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചു. ഈ സാഹചര്യത്തിൽ ഈ പരാതി തുടർ നടപടി കൂടാതെ തീർപ്പാക്കുന്നു.

രാജേഷ് വി. എസ്
കൺവീനർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഉപജില്ലാതല അദാലത്ത് സമിതി
(സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്)
എറണാകുളം